# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3451** **20.06.2018-ൽ മറുപടിയ്ക്ക്**

## പ്രവാസികൾക്കായി സാന്ത്വന സഹായ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.എൻ.എ.ഖാദർ | | പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | പ്രവാസികൾക്കായി നടപ്പിലാക്കിയ സാന്ത്വന സഹായപദ്ധതിയിൽ ലഭിച്ച അപേക്ഷകൾ തീർപ്പാക്കാൻ കാലതാമസമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സാന്ത്വന സഹായപദ്ധതിയിൽ ലഭിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | സംസ്ഥാനത്താകെ നോർക്ക വഴി സ്വയം തൊഴിൽ സംരംഭത്തിന് ലോണിനായി അപേക്ഷിച്ചവർക്ക് 2017ൽ എത്ര തുക വിതരണം ചെയ്തിട്ടുണ്ട്; | (ബി) | റിസർവ്വ് ബാങ്കിന്റെ വ്യവസ്ഥകൾക്ക് അനുസൃതമായി ബാങ്കുകളാണ് ലോൺ അനുവദിക്കുന്നത്. അതിനാൽ എത്ര തുക ഈ ഇനത്തിൽ ആകെ അനുവദിച്ചിട്ടുണ്ട് എന്നുള്ള വിവരം ലഭ്യമല്ല. എന്നാൽ ലോൺ അനുവദിക്കുന്നതിനു ആനുപാതികമായി നൽകേണ്ട സബ്സിഡിയിനത്തിൽ സർക്കാർ 2017-18-ൽ 533 ഗുണഭോക്താക്കൾക്കായി 6.45 കോടി രൂപ (ആറു കോടി നാൽപ്പത്തഞ്ചു ലക്ഷം രൂപ മാത്രം) വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | എത്ര ഗുണഭോക്താക്കൾക്ക് ഇപ്രകാരം ആനുകൂല്യം നൽകിയിട്ടുണ്ട്; | (സി) | ഈ പദ്ധതിയിൻ കീഴിൽ നാളിതുവരെ 1965 ഗുണഭോക്താക്കൾക്ക് സബ്സിഡി ആനുകൂല്യം നൽകിയിട്ടുണ്ട്. |
| (ഡി) | നോർക്കയിൽ ലഭിക്കുന്ന ഇത്തരം അപേക്ഷകൾ തീർപ്പാക്കാൻ എടുക്കുന്ന ശരാശരി സമയം എത്രയെന്ന് വ്യക്തമാക്കുമോ? | (ഡി) | നോർക്ക-റൂട്ട്സിൽ നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് പദ്ധതിയിൻ കീഴിൽ ലഭിക്കുന്ന വായ്പ അപേക്ഷകൾ അതത് മാസങ്ങളിൽ തന്നെ സ്ക്രീനിംഗ് പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് ട്രെയിനിംഗ് നൽകാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. റിസർവ്വ് ബാങ്കിന്റെ വ്യവസ്ഥകൾക്ക് അനുസൃതമായി ബാങ്കുകളാണ് ലോൺ അനുവദിക്കുന്നത്. അതിനാൽ അപേക്ഷകൾ തീർപ്പാക്കാൻ എടുക്കുന്ന ശരാശരി സമയം കൃത്യമായി നിർണ്ണയിക്കാൻ കഴിയില്ല. |

സെക്ഷൻ ഓഫീസർ